അവസ്ഥാ വിശകലനം- റിപ്പോർട്ട്

നവകേരളത്തിന് കേരളത്തിന് ജനകീയാസൂത്രണം- സർക്കാർ ഉത്തരവ് 164/2024/ എൽ.എസ്.ജി.ഡി തിയ്യതി 25/11/2024 പ്രകാരം 2025-2026 വാർഷിക പദ്ധതി രൂപീകരണത്തിന് മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2025-2026 വാർഷിക പദ്ധതി രൂപീകരണ വേളയിൽ 2024-2025 വാർഷിക പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് വിശകലനം നടത്തേണ്ടതുണ്ട്. എന്നിരുന്നാൽ മാത്രമേ 2025-2026 വാർഷിക പദ്ധതി രൂപീകരണം കാര്യക്ഷമമാകുകയുള്ളൂ.

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് 2024-2025 വാർഷിക പദ്ധതി രൂപീകരണ വേളയിൽ വിളിച്ചു ചേർത്ത വിവിധ കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ **ശുചിത്വ സുന്ദര ഗ്രാമം** എന്ന തീമിനെ ഗ്രാമപഞ്ചായത്തിൻറെ മുഖ്യമേഖലയായി അംഗീകരിക്കുയും വിവിധ യോഗങ്ങളുടേയും ഗ്രാമസഭകളുടേയും നിർദേശത്തിൻറെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ 124 പദ്ധതികൾ രൂപീകരിക്കുകയും ആയതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പിന്നീട് 2023-2024 വർഷം നിർവഹണം നടത്തികൊണ്ടിരുന്നതും ആവർഷം പൂർത്തീകരിക്കാൻ കഴിയാതിരുന്നതുമായ പദ്ധതികൾ 2024-2025 വർഷത്തിലേക്ക് സ്പിൽ ഓവർ പ്രവൃത്തികളായി സർക്കാർ നിർദേശ പ്രകാരം ക്യാരി ഓവർ ചെയ്യുകയും സർക്കാർ അനുവദിച്ച ഫണ്ട് പരിമിതികൾക്കുള്ളിൽ നിൽക്കുന്നതിന് ആദ്യഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളിൽചിലത് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൻറെ 2024-2025 വാർഷിക പദ്ധതിയിൽ 108 സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പടെ ആകെ 232 പ്രവൃത്തികൾ നിർവഹണം നടത്തി വരുന്നുണ്ട്. ആയത് സംബന്ധിച്ച അവസ്ഥാ വിശകലനം നിർവഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിൽ ഗ്രാമസഭ മുമ്പാകെ സമർപ്പിക്കുന്നു.

1) **കൃഷി ഓഫീസർ :** മൂന്ന് സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 8 പ്രവൃത്തികളാണ് നിലവിലുള്ളത്. സ്പിൽ ഓവർ പ്രവൃത്തികൾ മൂന്നും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി നാൽപത്തിയഞ്ച് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത് ആയതിൽ പതിനാറ് ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി നാൽപത്തിരണ്ട് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം നാൽപത്തി മൂന്ന് ശതമാനത്തിനടുത്താണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ, ഗുണഭോക്തൃ വിഹിതം എന്നിവ യഥാ സമയം ലഭ്യമാവാത്തതും ഇവ ലഭ്യമാവുന്ന സമയങ്ങളിൽ വിതരണത്തിനുള്ള സാധനങ്ങൾ ലഭ്യമാവാത്തതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും പദ്ധതി നിർവഹണത്തിൽ കാലതാമസവും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

2) **വെറ്റിനറി സർജൻ:** രണ്ട് സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 6 പ്രവൃത്തികളാണ് നിലവിലുള്ളത്. സ്പിൽ ഓവർ പ്രവൃത്തികൾ രണ്ടും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ ഇരുത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരം രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത് ആയതിൽ ആറ് ലക്ഷത്തി പതിനൊന്നായിരത്തി അറുന്നൂറ്റി ഇരുപത്തിയെട്ട് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം ഇരുപത്തി മൂന്ന് ശതമാനത്തിനടുത്താണ്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ, ഗുണഭോക്തൃ വിഹിതം എന്നിവ യഥാ സമയം ലഭ്യമാവാത്തതും ഇവ ലഭ്യമാവുന്ന സമയങ്ങളിൽ വിതരണത്തിനുള്ള സാധനങ്ങൾ ലഭ്യമാവാത്തതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും പദ്ധതി നിർവഹണത്തിൽ കാലതാമസവും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

3) **മെഡിക്കൽ ഓഫീസർ - കുടുംബാരോഗ്യ കേന്ദ്രം:-** മൂന്ന് സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 11 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ നാൽപത്തിരണ്ട് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത് ആയതിൽ പതിമൂന്ന് ലക്ഷത്തി അറുപത്തിയഞ്ചായിരത്തി അറുപത്തിയാറ് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം മുപ്പത്തിരണ്ട് ശതമാനത്തിനടുത്താണ്. ടെണ്ടർ നടത്തിയത്ത് കരാറുകാർ ഏറ്റെടുക്കാൻ വൈകുന്നതും സപ്ലൈ ഓർഡർ നൽകിയവ വിതരണം നടത്താൻ വൈകുന്നതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും പദ്ധതി നിർവഹണത്തിൽ കാലതാമസവും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

4) **മെഡിക്കൽ ഓഫീസർ– ഹോമിയോ :–** ആകെ 2 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ ആറ് ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. സപ്ലൈ ഓർഡർ നൽകിയവ വിതരണം നടത്താൻ വൈകുന്നത് പദ്ധതി നിർവഹണത്തിൽ കാലതാമസവും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

5) **മെഡിക്കൽ ഓഫീസർ– ആയുർവ്വേദം:** ആകെ 2 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ ആറ് ലക്ഷത്തി ഇരുപത്തി മൂവ്വായിരത്തി അഞ്ഞൂറ് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ അഞ്ച് ലക്ഷത്തി അൻപത്തിയേഴായിരം രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം തൊണ്ണൂറ് ശതമാനത്തിനടുത്താണ്. മാർച്ച് മാസത്തോടെ 100 ശതമാനം ഫണ്ടും ചെവഴിക്കാൻ കഴിയുന്നതാണ്.

6) **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** : പതിനാല് സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 29 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ ഒൻപത് കോടി മുപ്പത്തിയൊൻപത് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ ഒരുകോടി എഴുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തി നാലായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം ഇരുപതിനടുത്താണ്. സപ്ലൈ ഓർഡർ നൽകിയവ വിതരണം നടത്താൻ വൈകുന്നതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ, ഗുണഭോക്തൃ വിഹിതം എന്നിവ യഥാ സമയം ലഭ്യമാവാത്തതും ഇവ ലഭ്യമാവുന്ന സമയങ്ങളിൽ വിതരണത്തിനുള്ള സാധനങ്ങൾ ലഭ്യമാവാത്തതും . ഗുണഭോക്താക്കൾ പൂർത്തിയാക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കാത്തതും പ്രവൃത്തി നടത്തിപ്പിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

7) **ഐ.സി.ഡി.എസ്. സൂപ്പർവൈസർ :** മൂന്ന് സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 10 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ എഴുപത്തിയൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ മുപ്പത്തിയാറ് ലക്ഷത്തി മുപ്പത്തി മൂവ്വായിരത്തി തൊള്ളായിരത്തി പന്ത്രണ്ട് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം അൻപത്തിരണ്ട് ശതമാനത്തിനടുത്താണ്.. സപ്ലൈ ഓർഡർ നൽകിയവ വിതരണം നടത്താൻ വൈകുന്നതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

8) **സെക്രട്ടറി ഗ്രാമപഞ്ചായത്ത്:** ഏഴ് സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 22 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ ഒരു കോടി ആറ് ലക്ഷത്തി അൻപത്തിയൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി നാല് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ ഇരുപത്തിയൊൻപത് ലക്ഷത്തി ഏഴുപത്തി മൂവ്വായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊൻപത് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം ഇരുപത്തിയെട്ടിന് അടുത്താണ്. സപ്ലൈ ഓർഡർ നൽകിയവ വിതരണം നടത്താൻ വൈകുന്നതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏജൻസികൾ പ്രത്യേക താത്പര്യം കാണിക്കാത്തതും ഏറ്റെടുത്ത പ്രവൃത്തികൾ ഏജൻസികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്തതുംഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

9) **ഹെഡ്മാസ്റ്റർ എൽ. പിസ്കൂൾ :** നാൽ സ്പിൽ ഓവർ പ്രവൃത്തി ഉൾപ്പടെ ആകെ 9 പ്രവൃത്തികളാണ് നിലവിലുള്ളത്. എട്ട് ലക്ഷത്തി അറുപത്തിയെട്ടായിരത്തി എഴുനൂറ്റി ഇരുപത്തി നാല് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ ഒരു ലക്ഷത്തി ഏഴുപത്തി എട്ടായിരത്തി അറുനൂറ്റി നാൽപത്തി മൂന്ന് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം ഇരുപത്തിയൊന്നിനടുത്താണ്. സപ്ലൈ ഓർഡർ നൽകിയവ വിതരണം നടത്താൻ വൈകുന്നതും വകയിരുത്തിയ ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തതും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

10) **അസി. എഞ്ചിനീയർ** : നൂറ്റിയെട്ട് സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പടെ ആകെ 232 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ ഏഴ് കോടി നാൽപത്തിയൊന്ന് ലക്ഷത്തി അയ്യായിരത്തി തൊണ്ണൂറ്റി ആറ് രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ രണ്ട് കോടി അറുപത്തിയെട്ട് ലക്ഷത്തി മുപ്പത്തി നാലായിരത്തി ഒരുനൂറ്റി മുപ്പത്തി രണ്ട് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം മുപ്പത്തിയാറ് ശതമാനത്തിന് മുകളിലാണ്. അസി. എഞ്ചിനീയർ ഓഫീസിൽ മതിയായ ജീവനക്കാരില്ലാത്തതും പരിചയ സമ്പന്നരായ ജീവനക്കാരെ നിയമിച്ച കിട്ടാത്തതും, ഗ്രാമ പഞ്ചായത്തിൻറെ വിശാലമായ ഭൂ പരിധിയും, വ്യത്യസ്തമായ കാലാവസ്ഥയും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാവേണ്ട എസ്റ്റിമേറ്റുകൾ , മറ്റ് സാക്ഷ്യപത്രങ്ങൾ എന്നിവ ലഭ്യമാകാൻ വൈകുന്നതും. സംയുക്ത പദ്ധതികളുടെ ഫണ്ടുകൾ അനുവദിച്ചു കിട്ടാൻ വൈകുന്നതും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ മതിയായ സഹകരണങ്ങൾ ലഭ്യമാവാത്തും, നിശ്ചിത സമയപരിധിക്കകം നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ബാഹുല്യവും ഈ മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

11) **ഡയറി ഫാം ഇൻസ്ട്രക്ടർ** : ആകെ 2 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ ഇരുപത്തിയൊന്ന് ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. എൺപത്തിയേഴായിരം രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ഫണ്ടുകൾ സമയാസമയത്ത് അനുവദിക്കപ്പെടാത്തത് പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

12) **അസി. സെക്രട്ടറി** : ആകെ 6 പ്രവൃത്തികളാണ് നിലവിലുള്ളത്. ആകെ പന്ത്രണ്ട് ലക്ഷത്തി എഴുപത്തിയഞ്ചായിരം രൂപയുടെ പ്രവൃത്തികളാണ് നിലവിലുള്ളത്. ആയതിൽ അഞ്ച് ലക്ഷത്തി അറുപത്തിയേഴായിരത്തി എണ്ണൂറ്റി നാൽപത്തിയഞ്ച് രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. ചെലവ് ശതമാനം 45 ശമാനത്തിനടുത്താണ്. ഫണ്ടുകൾ സമയത്ത് അനുവദിക്കപ്പെടാത്തതും ഗുണഭോക്താക്കൾ പദ്ധതി നടത്തിപ്പിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് 2024-2025 വാർഷിക പദ്ധതിയിൽ ആകെ 124 പുതിയ പ്രവൃത്തികളും 108 സ്പിൽ ഓവർ പ്രവൃത്തികളുമാണ് നിലവിലുള്ളത് ആയതിന് രൂപ വകയിരുത്തിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിന് ലഭ്യമായേക്കാവുന്ന ലോൺവിഹിതം, സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം, ശുചിത്വ മിഷൻ വിഹിതം മറ്റ് സംഭാവനകൾ എന്നിവ ഉൾപ്പെടെ ആകെ 202169208/- രൂപ വകയിരുത്തിയിട്ടുള്ളതിൽ 55266894/ രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് ശതമാനം 28 ശതമാനത്തോളം എത്തിയിട്ടുണ്ട്.

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് 2025-2026 വാർഷിക പദ്ധതി രൂപീകരണത്തിൻറെ വിവിധ തലങ്ങളിലുള്ള കൂടിയാലോചനകൾ നടത്തിയതിൽ ഗ്രാമപഞ്ചായത്ത് പാർപ്പിട മേഖലയിൽ പിന്നോക്കം നിൽക്കുന്നതായും ആയതിൻറെ അടിസ്ഥാനത്തിൽ 2025-2026 വാർഷിക പദ്ധതിക്കാലത്ത് ദാരിദ്ര രഹിത ഗ്രാമം എന്ന തീം തെരെഞ്ഞടുത്ത് തീരുമാനിച്ചിട്ടുണ്ട്. തയ്യാറാക്കിയിട്ടുള്ള അവസ്ഥാവിശകലന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 2025-2026 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതകൾ സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ ഗ്രാമസഭ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.